<u>ഭരണഭാഷ- മാതൃഭാഷ</u>

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**
ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം - 695033
ഫോൺ/ഫാക്സ് : 0471-2305318/0471-2305317
ഇ-മെയിൽ: ecostatdir@gmail.com
Website: www.ecostat.kerala.gov.in

നം: DES/1424/2023-VIG **തീയതി: 20-03-2025**

---

## <u>കാരണംകാണിക്കൽ നോട്ടീസ്</u>

വിഷയം :- ഡിഇഎസ് – വിജിലൻസ് വിഭാഗം – ശ്രീ.ജഗത്പ്രസാദ് ശ്രീധർ.ജി, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II - അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നത് – അച്ചടക്കനടപടി – സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് മുന്നോടിയായി കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് - സംബന്ധിച്ച്.

സൂചന :-

1. ഈ ഓഫീസിലെ 23/08/2016-ലെ-ഇഎ(3)/20858/2016/ഡിഇഎസ് നമ്പർ ഉത്തരവ്.
2. 30/12/2020-ലെ സ.ഉ.(അ) നം.152/2020/ധന. നമ്പർ ഉത്തരവ്.
3. ഈ ഓഫീസിലെ 25/08/2021-ലെ ഡിഇഎസ്/2640/2021-ഇഎ(3) നമ്പർ കത്ത്.
4. ഈ ഓഫീസിലെ 17/04/2024-ലെ ഇതേ നമ്പർ കുറ്റാരോപണ പത്രികയും കുറ്റപത്രവും.
5. 14/05/2024-ലെ ആലപ്പുഴ ഡെപ്യൂട്ടി ഡയറക്ടറുടെ ഇ2/494/2024-ഡിഇഎ നമ്പർ കത്ത്.
6. 04/07/2024-ലെ ഇതേ നമ്പർ കത്ത്.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II ആയി ജോലി നോക്കിവരവെ സൂചന (1) ഉത്തരവ് പ്രകാരം താങ്കൾക്ക് വിദേശത്ത് മെച്ചപ്പെട്ട ജോലി ചെയ്യുന്നതിനായി 16/08/2016 മുതൽ അഞ്ചു വർഷത്തേയ്ക്ക് KSR Part I, App.XII A പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. ആയതിന് തുടർച്ചയായി 5 വർഷത്തേയ്ക്ക് കൂടി ശൂന്യവേതനാവധി അനുവദിക്കാനുള്ള താങ്കളുടെ അപേക്ഷ സൂചന (2) പ്രകാരം പരിഗണിക്കാനാകില്ല എന്നും ആയതിനാൽ താങ്കൾ ഉടൻ തന്നെ തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനും, അല്ലാത്ത പക്ഷം അച്ചടക്കനടപടി സ്വീകരിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതാണെന്നും അറിയിച്ച് സൂചന (3) പ്രകാരം താങ്കൾക്ക്

കത്ത് നൽകിയിരുന്നു. തുടർന്ന് ടി വിഷയത്തിൽ താങ്കൾക്ക് രജിസ്റ്റേർഡ് തപാൽ മുഖേന നൽകിയ നോട്ടീസ് കൈപ്പറ്റാത്തതിനെ തുടർന്ന് മടങ്ങുകയുണ്ടായി. അച്ചടക്കനടപടിയുടെ ഭാഗമായി സൂചന (4) പ്രകാരം നൽകിയ കുറ്റപത്രവും കുറ്റാരോപണ പത്രികയും കൈമാറുന്നതിന് ആലപ്പുഴ ജില്ലാ ഓഫീസിലെ റിസർച്ച് അസിസ്റ്റന്റ് ശ്രീ.മധുപാലൻ.ടി.കെ താങ്കളുടെ വസതിയിൽ പോയിരുന്നുവെങ്കിലും താങ്കൾ സ്ഥലത്തില്ലാത്തതിനാൽ ബന്ധുക്കൾ ആയത് കൈപ്പറ്റുന്നതിന് വിസമ്മതിച്ചതായി സൂചന (5) പ്രകാരം ആലപ്പുഴ ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് താങ്കൾക്കെതിരെ സ്വീകരിക്കുന്ന അച്ചടക്കനടപടി ശ്രദ്ധയിൽപെടുത്തുന്നതിനായി സംസ്ഥാനത്ത് പ്രചാരത്തിലുള്ള പത്രമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി അനക്സർ H5 നോട്ടീസ് സൂചന (6) പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ ഡിപ്പോർട്ട്മെന്റിന് നൽകിയിരുന്നു. ആയത് പ്രകാരം മലയാള മനോരമ, മെട്രോ വാർത്ത എന്നീ പത്രങ്ങളിൽ അനക്സർ H5 നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന താങ്കളെ 1960-ലെ കേരള സിവിൽ സർവീസ് (ക്ലാസിഫിക്കേഷൻ, കൺട്രോളർ ആന്റ് അപ്പീൽ) റൂൾസ്-ലെ റൂൾ 11 (vii) പ്രകാരവും, കെ.എസ്.ആർ ഭാഗം-1 അനുബന്ധം XII-A ചട്ടം 9 പ്രകാരവും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനം എടുത്തിരിക്കുന്നു. ഈ തീരുമാനം നടപ്പിലാക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽതീരുമാനം സ്ഥിരപ്പെടുത്തുന്നതായിരിക്കും.

Signed by
Sreekumar B
Date: 20-03-2025 12:07:46

DIRECTOR

ശ്രീ.ജഗത്പ്രസാദ് ശ്രീധർ.ജി,
കണ്ടത്തിൽ പറമ്പിൽ,
കൃഷ്ണപുരം,
ആലപ്പുഴ – 690 533

പകർപ്പ്:- ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)